## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 519 — 10.03.2015 ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ.രാജു

**ഉത്തരം**

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### സംസ്ഥാനത്തെ നികുതി കുടിശ്ശിക

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള നികുതി കുടിശ്ശിക എന്തു തുകയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ കോടതി നടപടികൾ, സർക്കാർ നൽകിയ സ്റ്റേ എന്നിവ മുഖേന കുടിശ്ശികയായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | 31.01.2015 ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെയുള്ള നികുതി കുടിശ്ശിക 8647.9 കോടി രൂപയാണ്. ഇതിൽ 2716.56 കോടി രൂപ കോടതി നടപടികൾ മുഖേനയും, 292.75 കോടി രൂപ സർക്കാർ നൽകിയ സ്റ്റേ മുഖേനയുമാണ് കുടിശ്ശികയായിട്ടുള്ളത്. |
| (ബി) | ബഡ്ജറ്റിനൊപ്പം നിയമ സഭയിൽ സമർപ്പിച്ച പ്രകാരം നികുതി കുടിശ്ശിക എത്രയാ ണെന്നും ഇതിൽ എന്ത് തുക പരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ; | 2014-15 ബഡ്ജറ്റിനോടൊപ്പം നിയമ സഭയിൽ സമർപ്പിച്ച പ്രകാരം നികുതി കുടിശ്ശിക 13080.39 കോടി രൂപയാണ്. ഇതിൽ വകുപ്പ് തലവന്മാർ റിപ്പോർട്ട് ചെയ്ത കണക്കനുസരിച്ച് 31.01.2015 വരെ 269.51 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>പിരിഞ്ഞു കിട്ടുവാനുള്ള കുടിശ്ശിക എത്രയാണെന്നും ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്നുമാണ് കിട്ടേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;</td>
<td>31.01.2015 ലെ കണക്ക് പ്രകാരം പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 8647.90 കോടി രൂപയാണ്. വകുപ്പ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.
<table>
<tr><th>വകുപ്പ്</th><th>കുടിശ്ശിക (തുക കോടിയിൽ)</th></tr>
<tr><td>എക്സൈസ് വകുപ്പ്</td><td>235.44</td></tr>
<tr><td>മോട്ടോർ വാഹന വകുപ്പ്</td><td>1122.36</td></tr>
<tr><td>ലാന്റ് റവന്യൂ വകുപ്പ്</td><td>122.82</td></tr>
<tr><td>രജിസ്ട്രേഷൻ വകുപ്പ്</td><td>176.37</td></tr>
<tr><td>**ചീഫ് ഇലക്ടിക്കൽ ഇൻസ്പെക്ടറേറ്റ്</td><td>23.0</td></tr>
<tr><td>വാണിജ്യ നികുതി വകുപ്പ്</td><td>6967.91</td></tr>
</table>
**ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ 31.10.2013 വരെ KSEB യിൽ നിന്ന് ലഭിക്കുവാനുള്ള തുക നെറ്റ് ഓഫ് ചെയ്യുന്നതിന് ജി.ഒ (എം.എസ്) നം. 17/2015/പി.ഡി തീയതി 13.05.2015 പ്രകാരം ഉത്തരവായിട്ടുള്ള തായി ചീഫ് ഇലക്ടിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>കഴിഞ്ഞ സാമ്പത്തിക വർഷ ത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതി വരുമാനം എത്രയായിരുന്നെന്നും ഈ ഇനത്തിൽ എത്ര കോടി രൂപ ലഭ്യമായെന്നും വ്യക്തമാക്കുമോ ?</td>
<td>2013-14 സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന തനത് നികുതിയിനത്തിൽ ലക്ഷ്യമിട്ടിരുന്ന വരുമാനം 35542.96 കോടി രൂപയാണ് ലഭിച്ച യഥാർത്ഥ വരുമാനം 31995.02 കോടി രൂപയാണ്.</td>
</tr>
</table>

അക്കൗണ്ട്സ് ഓഫീസർ